**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1851** **04-02-2026 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി വാഹന അപകടത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2022-ൽ വടക്കാഞ്ചേരിയിൽ ഉണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും അപകടത്തിൽ പരിക്കേറ്റവർക്കും സർക്കാർ നൽകാൻ തീരുമാനിച്ചിരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 2022-ൽ വടക്കഞ്ചേരിയിൽ ഉണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ടു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br><br>2014-ലെ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ്) ആക്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. / കെ.യു.ആർ.ടി.സി. / കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്കും ജീവനക്കാർക്കും അപകടത്തിൽ പരിക്കേറ്റ് ആശുപത്രിയിലാകുന്നവർക്ക് പരമാവധി 3 ലക്ഷം രൂപയും വരെ പരിക്കിന്റെയും ചികിത്സയുടെയും ഗൗരവമനുസരിച്ചും മരണപ്പെടുന്ന റിസർവേഷൻ പാസഞ്ചർക്ക് 10 ലക്ഷം രൂപയും, നോൺ റിസർവേഷൻ പാസഞ്ചർക്ക് 5 ലക്ഷം രൂപയും നിർദ്ദിഷ്ട രേഖകളും അപേക്ഷയും ഹാജരാക്കുന്ന മുറയ്ക്ക് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖാന്തരം അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിന് 2022-23 വർഷം കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ഇതനുസരിച്ചും മോട്ടോർ ആക്സിഡന്റ് ക്ലെയിം മുഖാന്തരവും ടി അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും അപകടത്തിൽ പരിക്കേറ്റവർക്കും കെ.എസ്.ആർ.ടി.സി.യുടെ സഹായം ലഭ്യമാണ്. |
| (ബി) | പ്രസ്തുത അപകടത്തിൽ കെ.എസ്.ആർ.ടി.സി. ബസിൽ സഞ്ചരിച്ചിരുന്ന യാത്രക്കാർക്ക് ലഭിക്കേണ്ട പത്ത് ലക്ഷം രൂപ ഇൻഷുറൻസ് തുക ഏതെല്ലാം വ്യക്തികൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 05/10/2022-ൽ KL-15/A-1313 നമ്പർ കെ.എസ്.ആർ.ടി.സി. ബസിന്റെ പിൻവശത്ത് KL-05/AU-8890 നമ്പർ വോൾവോ ടൂറിസ്റ്റ് ബസ് ഇടിച്ചതിൽ, കെ.എസ്.ആർ.ടി.സി. ബസിൽ യാത്ര ചെയ്തിരുന്ന മൂന്ന് യാത്രക്കാർ മരണപ്പെട്ടവാൻ |

| | | | |
|---|---|---|---|
| | | | ഇടയായ ടി ബസിന് ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുടെ പാസഞ്ചർ സെസ്സ് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നതും ടി ബസിലെ മരണപ്പെട്ട യാത്രക്കാരായ രോഹിത് രാജ്, അനൂപ്, ദീപു ഭാനു എന്നിവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന നഷ്ടപരിഹാരം നൽകിയിട്ടുള്ളതുമാണ്. |
| (സി) | നിലവിൽ നഷ്ടപരിഹാര തുക നൽകിയ വ്യക്തികളുടെ പേര്, അനുവദിച്ച തുക, വിലാസം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | 18.10.2022-ലെ G.O.(MS) No.240/2022/RD സർക്കാർ ഉത്തരവ് പ്രകാരം 2022 ൽ വടക്കഞ്ചേരിയിൽ ഉണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞ മുളന്തുരുത്തി ബസേലിയസ് വിദ്യാനികേതൻ സ്കൂളിലെ അധ്യാപകൻ വിഷ്ണു വി.കെ., മേൽപ്പറഞ്ഞ സ്കൂളിലെ വിദ്യാർത്ഥികളായിരുന്ന അഞ്ജന അജിത്, ഇമ്മാനുവേൽ സി.എസ്, ക്രിസ് പിൻറ്റർ ബോൺ തോമസ്, ദിയ രാജേഷ്, എൽസാ ജോസ് എന്നിവരുടെയും അപകടത്തിൽപ്പെട്ട കെ.എസ്.ആർ.ടി.സി ബസിൽ യാത്ര ചെയ്തിരുന്ന മരണമടഞ്ഞ കൊല്ലം സ്വദേശികളായ അനൂപ്, ദീപു ഭാനു, തൃശ്ശൂർ സ്വദേശിയായ രോഹിത് രാജ് എന്നിവരുടെയും കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ടു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ കെ.എസ്.ആർ.ടി.സി ബസിൽ യാത്ര ചെയ്ത, രോഹിത് രാജ്, 24 വയസ്, S/o. രവി, തൈക്കൂട്ട് ഹൗസ്, നടത്തറ പോസ്റ്റ്, മണ്ണൂത്തി.<br><br>അനൂപ്, 22 വയസ്, S/o. ഓമനക്കുട്ടൻ, ശാന്തി മന്ദിരം, വൈദ്യൻകുന്ന്, വള്ളിയോട്, കൊല്ലം.<br><br>ദീപു ഭാനു, 27 വയസ്, S/o. വിജയഭാനു, പുനലൂർ, കൊല്ലം എന്നിവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകിയിട്ടുള്ളതാണ്. |
| (ഡി) | ഇനിയും എത്ര വ്യക്തികൾക്കാണ് നഷ്ടപരിഹാര തുക നൽകാനുള്ളതെന്ന് അറിയിക്കാമോ? | (ഡി) | വടക്കഞ്ചേരിയിൽ ഉണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട 9 പേരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ടു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ